(എഫ്) പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിനുള്ള മുൻഗണനാക്രമത്തിൽ പോലീസ് ഡയറക്ടർ ജനറലിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഉപ്പളയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി

171 (173) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോഡ് ജില്ലയിലെ ഉപ്പളയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉപ്പളയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുവാൻ താമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഉപ്പള, ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയത് എന്നായിരുന്നു ; അന്നത്തെ പ്രയോറിറ്റി ലിസ്റ്റ് അനുസരിച്ച് പ്രയോറിറ്റി എങ്ങനെയായിരുന്നു ?

ഉത്തരം

(എ&ബി) സ്വീകരിച്ചുവരുന്നു.

(സി) 24-7-1995-ലെ ജി.ഒ. (ആർ.ടി.) 1591/95/ആഭ്യന്തരം പ്രകാരം അംഗീകരിച്ച മുൻഗണനാപ്പട്ടികയിൽ മംഗലപ്പടി (ഉപ്പള) പട്ടിക 1-ൽ 73-ാമതായി ഉൾപ്പെടുത്തിയിരുന്നു.

അമർത്ത്യാസെന്നിന്റെ കേരള സന്ദർശനം

172 (174) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോബൽ സമ്മാന ജേതാവ് അമർത്ത്യാസെൻ സംസ്ഥാനത്ത് ഈ വർഷം എന്തെല്ലാം പരിപാടികളിൽ പങ്കെടുത്തു ;

(ബി) സംസ്ഥാനത്തിന്റെ ക്ഷണമനുസരിച്ചാണോ അദ്ദേഹം സംസ്ഥാനത്ത് എത്തിയത് ;

(സി) അദ്ദേഹം സംസ്ഥാന ഗവൺമെന്റിന്റെ അതിഥിയായാണോ സംസ്ഥാനത്ത് താമസിച്ചത് ;

(ഡി) സംസ്ഥാനത്തെ അദ്ദേഹത്തിന്റെ താമസത്തിനും പരിപാടികൾക്കുമായി ഗവൺമെന്റിന് എന്ത് ചെലവ് വന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) അല്ല.

(സി) അതെ.

† അനുബന്ധം - XXIV

LIBRARY ARCHIVES Kerala Legislative Assembly